# പതിനാലാം കേരള നിയമസഭ

# ബുള്ളറ്റിൻ—ഭാഗം 2

2016 ഒക്ടോബർ 21

**നമ്പർ 99**

ഇന്ന് (2016 ഒക്ടോബർ 21-ന്) സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളനുസരിച്ച് 2016 നവംബർ 9-ാം തീയതി ബുധനാഴ്ച കൂടി സഭ ചേരുന്നതാണ്.

2016 നവംബർ 1-ാം തീയതി ചൊവ്വാഴ്ചയിലെ സമ്മേളനം, കേരളപ്പിറവിയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ച്, ഒരു പ്രത്യേക സമ്മേളനമായി രാവിലെ 9 മണിക്ക് ചോദ്യോത്തരവേള ഒഴിവാക്കിക്കൊണ്ട് ചേരുന്നതാണ്.

2016 നവംബർ 2, 3, 4, 7, 8, 9 എന്നീ തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിച്ചിരിക്കുന്നു.

2016 നവംബർ 2, ബുധൻ : (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(2) 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2016 നവംബർ 3, വ്യാഴം : (1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i) 2016-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2016-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യുവേഷൻ (അമെന്റ്മെന്റ്) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

KNPP.1063/2016.

(2) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും
(ഉച്ചയ്ക്കുശേഷം 12.30 മുതൽ 1.30 വരെ)

(3) ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിൻ മേലുള്ള ചർച്ച
(ഉച്ചയ്ക്കുശേഷം 1.30 മുതൽ 3.30 വരെ)
സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന ട്രെയിൻ അപകടങ്ങളെ സംബന്ധിച്ച്
(ശ്രീ. ടി. എ. അഹമ്മദ് കബീർ നോട്ടീസ് നൽകിയത്)

2016 നവംബർ 4, വെള്ളി : ഗവൺമെന്റ് കാര്യവും അനൗദ്യോഗികാംഗങ്ങളുടെ കാര്യവും

2016 നവംബർ 7, തിങ്കൾ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2016 നവംബർ 8, ചൊവ്വ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2016 നവംബർ 9, ബുധൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(1) 2016-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ബിൽ
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(2) 2016-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യുവേഷൻ (അമെന്റ്മെന്റ്) ബിൽ

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2016 നവംബർ 3-ാം തീയതിയിലെ കാര്യപരിപാടി പൂർത്തിയാക്കുന്നതിനായി ഉച്ചകഴിഞ്ഞ് 1.30-ന് ശേഷവും സഭ തുടരുന്നതാണ്.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*